അനുവദിച്ച പ്രോജക്ടിന് എത്രകോടി രൂപയുടെ മുതൽമുടക്കുണ്ടാവുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. ഇ.കെ. നായനാർ : കേരളത്തിന്റേത് പൂർണമായിട്ടും അംഗീകരിച്ചിട്ടില്ലെങ്കിലും 28,000 കോടി രൂപയുടെ പ്രോജക്ടാണ്. 7,000 കിലോമീറ്റർ ദൂരമാണ് അതിന്റെ ലെങ്ത്. ഇതാണ് സെന്ററിന്റെ സ്കീമായിട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. എത്ര രൂപയുടെ പ്രോജക്ടാണ് നമുക്ക് അംഗീകരിച്ചു കിട്ടുന്നതെന്ന് അത് നടപ്പിൽ വരുമ്പോൾ മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

2 (*152) സംസ്ഥാന ഗവൺമെന്റിന്റെ സ്പോർട്സ് നയം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ സ്പോർട്സ് നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് രംഗത്ത് അന്താരാഷ്ട്ര നിലവാരം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിലിനെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്പോർട്സ് അസോസിയേഷനുകളിലും സ്പോർട്സ് കൗൺസിലിലും അഴിമതിയും സ്വജനപക്ഷപാതവും നിലനിൽക്കുന്നതായ പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിനുപുറത്ത് മത്സരങ്ങൾക്ക് പോകുന്ന സ്പോർട്സ് താരങ്ങൾക്ക് മതിയായ സംരക്ഷണം ലഭിക്കാറില്ലെന്ന വിവരം ഗവൺമെന്റിനറിവുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) ദേശീയ-അന്തർദേശീയ രംഗങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്നതിന് നമ്മുടെ കായികതാരങ്ങളെ സുസജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ കായികരംഗത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കായികസംഘടനകളുടേയും ക്ലബ്ബുകളുടേയും സഹകരണം ഉറപ്പാക്കുക, കായികരംഗത്തിന് ശാസ്ത്രീയ അടിത്തറ ലഭ്യമാക്കുക, നൂതനമായ കായികോപകരണങ്ങൾ ഉപലബ്ധമാക്കുക, കായികപരിശീലകർ, റഫറിമാർ എന്നിവർക്ക് ആധുനിക പരിശീലനസമ്പ്രദായങ്ങൾ സ്വായത്തമാക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, കായികതാരങ്ങൾക്ക് കൂടുതൽ പരിശീലനങ്ങളും പാരിതോഷികങ്ങളും നൽകുക, കായികരംഗം കൂടുതൽ വിപുലമാക്കുക, കായിക വിദ്യാഭ്യാസ രംഗങ്ങളെ ഏകോപിപ്പിക്കുക, സ്പോർട്സ് രംഗത്തിന് കൂടുതൽ വിഭവസമാഹരണം നടത്തുക, കായിക വളർച്ചക്ക് മാധ്യമങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പ് വരുത്തുക എന്നീ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിലേക്കായി കേരളത്തിലെ സ്പോർട്സ് രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രാതിനിധ്യമുൾക്കൊള്ളുന്നതും യശ്ശഃശരീരനായ ജി.വി. രാജ, രൂപം നൽകിയിട്ടുള്ളതുമായ കേരള

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് കൗൺസിലും കായിക - യുവജനക്ഷേമവകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ പ്രാവർത്തികമാക്കുക എന്നതാണ് സർക്കാരിന്റെ സ്പോർട്സ് നയം. സ്പോർട്സ് രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിനും ഭരണനിർവ്വഹണ രംഗത്ത് നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ കൂടുതൽ ഉദാരമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള സ്പോർട്സ് ബില്ലിന് 24-6-1999-ൽ കഴിഞ്ഞ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും 'എല്ലാവർക്കും കായികവിനോദം' എന്ന ആശയം വ്യാപകമാക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള വിപുലമായ ഒരു നിയമനിർമ്മാണത്തിന് 24-6-1999-ൽ കൂടിയ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. കേരളാ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് കൗൺസിലിനെ പുനസംഘടിപ്പിക്കുന്നതിനും പ്രസ്തുത ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ചില സ്പോർട്സ് സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. അത് അന്വേഷണവിധേയമാക്കിയിട്ടുണ്ട്. എന്നാൽ അഴിമതി ആരോപണങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന സ്പോർട്സ് ടീമുകളെ പ്രസ്തുത മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതിന്റെ ചുമതല ബന്ധപ്പെട്ട സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്കാണ്. സംസ്ഥാന ടീമുകൾക്ക് സംരക്ഷണം ലഭിച്ചിട്ടില്ലെന്ന പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല, എന്നാൽ ഇംഫാലിൽ നടന്ന ദേശീയ ഗെയിംസിൽ ചില മത്സരങ്ങളിൽ പങ്കെടുത്ത സംസ്ഥാന കായികതാരങ്ങൾക്ക് കാണികളിൽനിന്ന് പ്രശ്നങ്ങൾ നേരിടേണ്ടതായിവന്നു. ഇക്കാര്യം അപ്പോൾത്തന്നെ മണിപ്പൂർ മുഖ്യമന്ത്രിയുടേയും 6-ാം ദേശീയ ഗെയിംസ് ഓർഗനൈസേഷൻ സെക്രട്ടറിയുടേയും ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും മതിയായ സംരക്ഷണം ഉറപ്പുവരുത്തുകയുമുണ്ടായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് സ്പോർട്സ് നയത്തെക്കുറിച്ച് വളരെ വിശദമായി ഇവിടെ മറുപടി പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ സ്പോർട്സ് നിലവാരം മെച്ചപ്പെടുത്തണമെങ്കിൽ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങളിൽ വരുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനം കൊടുക്കുന്നതിന് നമുക്ക് കഴിയണം. അങ്ങ് പറഞ്ഞ സ്പോർട്സ് നയവും നമ്മുടെ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന ചില നിയമങ്ങളും വളരെ കോൺട്രഡിക്റ്ററിയായിട്ട് പോവുകയാണ്. കാരണം നമ്മുടെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന് അവിടെ ആവശ്യമായിട്ടുള്ള പ്രൊട്ടക്ഷൻ കൊടുക്കുന്നില്ലെന്ന് മാത്രമല്ല അവരുടെ ആ തസ്തികതന്നെ അബോളിഷ് ചെയ്യുന്ന രൂപത്തിലേക്ക് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് സ്പോർട്സ് വകുപ്പ്, അതിന് കോൺട്രഡിക്ഷൻസ് ഉണ്ടാക്കാതെ, നടപടികൾ കോ-ഓർഡിനേറ്റ് ചെയ്യുവാനും വിദ്യാലയങ്ങളിൽനിന്നും ഏറ്റവും മികച്ച കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : സ്പോർട്സ് കൗൺസിലും സ്പോർട്സ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. ഫിസിക്കൽ എഡ്യൂക്കേഷൻ സിസ്റ്റവും അതുപോലെ തന്നെ വിദ്യാഭ്യാസവകുപ്പിലെ കാര്യങ്ങളുമുണ്ട്. ഇതു രണ്ടും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ സമീപനത്തിന് ഗവൺമെന്റ് ശ്രമം നടത്തുകയാണ്. അത് പൂർത്തീകരിച്ചുവരുമ്പോൾ അടിത്തറയിൽത്തന്നെ ഇതിന് അനുകൂലമായ സ്ഥിതിവിശേഷം ഉണ്ടാകുമെന്ന് ഗവൺമെന്റ് കരുതുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ചോദിച്ച ചോദ്യത്തിലെ ഒരു പ്രധാനപ്പെട്ട ഭാഗം വിട്ടുപോയി. ഇത് സമാന്തര രൂപത്തിലേക്ക് എത്തിപ്പോവുകയാണ്. ഒന്ന് വിദ്യാലയങ്ങൾക്കു പുറത്തുള്ള സ്പോർട്സ് മാൻമാരും മറ്റൊന്ന് വിദ്യാലയത്തിനകത്തുള്ള സ്പോർട്സ് മേഖലയിലെ കുട്ടികളും ഇതിൽ വിദ്യാലയത്തിനകത്തുള്ള കുട്ടികളാണ് പ്രധാനമായും പ്രോൽസാഹനമർഹിക്കുന്നത്. അവരെയാണ് നമുക്ക് പ്രധാനമായിട്ടും പ്രോൽസാഹിപ്പിച്ചു കൊണ്ടുവരേണ്ടത്. ആ ഒരു വിഭാഗം കുട്ടികളെ സ്പോർട്സ് ഡിപ്പാർട്ടുമെന്റ് വിട്ടുകളയുന്നു എന്നതാണ് എന്റെ പരാതി. ഇംഫാലിൽ നടന്ന സംഭവത്തെക്കുറിച്ച് ഒരു ചോദ്യംകൂടി ചോദിച്ചുകൊള്ളട്ടെ, ഇംഫാലിൽ വച്ച് നടന്ന അഞ്ചാമത് നാഷണൽ ഗെയിംസിൽ കേരളത്തിലെ സ്പോർട്സ് താരങ്ങൾ ആക്രമിക്കപ്പെട്ട സാഹചര്യമുണ്ടായി. അക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി എന്നു ഇവിടെ പറയുകയുണ്ടായി. എന്നിട്ട് അക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു? ആർക്കൊക്കെ എതിരായിട്ട് കേസ് എടുത്ത് ശിക്ഷിച്ചു? നമ്മുടെ കായികതാരങ്ങൾക്ക് ഭാവിയിൽ എങ്ങനെ പ്രൊട്ടക്ഷൻ നൽകുമെന്നതിനെ കുറിച്ച് ഒന്ന് വിശദീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ആദ്യത്തെ ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞത് വ്യക്തമായിരുന്നു. നേരത്തെ കരിക്കുലത്തിന്റെ ഭാഗമായി തന്നെ യു.പി.സ്കൂളുകളിൽ അടക്കം ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സുകളുണ്ടായിരുന്നു. എന്നാൽ കുറേ വർഷങ്ങൾക്കു മുമ്പ് നീഡിൽ വർക്ക്, മ്യൂസിക് ഫിസിക്കൽ എഡ്യൂക്കേഷൻ ഇതിൽ ഏതെങ്കിലും ഒന്നുമതി എന്ന തീരുമാനമെടുത്തു. അതിന്റെ ഫലമായി ഈ രംഗത്തുണ്ടായിരുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ സംവിധാനങ്ങൾ കുറഞ്ഞുവരികയായിരുന്നു. പിന്നീട് നമ്മുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും ടീച്ചേഴ്സിന്റെ എണ്ണവുമൊക്കെവച്ചുകൊണ്ട് ഈ കാര്യത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഒരു പഞ്ചായത്തിൽനിന്ന് ചുരുങ്ങിയത് 100 കുട്ടികളെയെങ്കിലും എടുത്ത് അത് ബ്ലോക്ക്, ജില്ലാതലത്തിൽ എത്തുമ്പോൾ പ്ലസ്ടു വരെയെത്തുന്ന രീതിയിലുള്ള പ്രാഥമികതലത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിന് കേരളാ സ്പോർട്സ് കൗൺസിൽ ഇപ്പോൾ നടപടി സ്വീകരിച്ചുവരികയാണ്. പല പഞ്ചായത്തുകളും ഈ കാര്യത്തിൽ മുന്നോട്ടുവന്നിട്ടുണ്ട്. അതുകൊണ്ട് ഈ രംഗത്ത് നമുക്കുണ്ടായിരുന്ന സൗകര്യം നഷ്ടപ്പെട്ടുപോയത് പഞ്ചായത്തുകളിലൂടെ നികത്താനുള്ള ശ്രമത്തിലാണിപ്പോൾ. മറ്റൊന്ന് ഇംഫാലിൽ ഇതുസംബന്ധിച്ച് നടപടിയെടുക്കേണ്ടത് ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. സുരേഷ് കൽമാഡിയാണ്. ഞാൻ തന്നെ നേരിട്ട് അവിടെ പോയി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിരുന്നു. അന്ന് നമുക്ക് അവിടെ പ്രൊട്ടക്ഷൻ കിട്ടി. ഇപ്പോഴുള്ള തർക്കം അതല്ല, ഒരു ചെറിയ പോയിന്റിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഒരു ടീമിനെ പങ്കെടുപ്പിക്കാത്തതുകൊണ്ട്, പങ്കെടുപ്പിച്ചിരുന്നുവെങ്കിൽ പോയിന്റ് അടിസ്ഥാനത്തിൽ നാം ഒന്നാം സ്ഥാനത്ത് എത്തുമായിരുന്നു, നാം

രണ്ടാം സ്ഥാനത്ത് എത്തി. ഇത് ക്യാരി ഓൺ ചെയ്യേണ്ടത് ഇന്ത്യയിലെ സ്പോർട്സ് സംഘടനകളാണ്. കേരളത്തിൽനിന്നുള്ള എം.പി. മാർക്കെല്ലാവർക്കും ഇതേക്കുറിച്ച് കത്ത് എഴുതുകയും ചില എം.പി. മാർ പാർലമെന്റിൽ ഇക്കാര്യം ഉന്നയിക്കുകയും ചെയ്തു. എന്നിട്ടും ഇക്കാര്യത്തിൽ അന്തിമ തീരുമാനമുണ്ടായില്ല. കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിലെടുത്ത സമീപനം ഇത് കൺകറന്റ് ലിസ്റ്റിൽ വരാത്തിടത്തോളം കാലം സ്പോർട്സ് സംഘടനകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ അവർക്ക് ബുദ്ധിമുട്ടുണ്ട് എന്നാണ്. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യം നോക്കിയാൽ ഒരു പക്ഷെ അത്തരത്തിലുള്ള ഒരു സംവിധാനം നമുക്ക് ഗുണകരമാവുകയും ചെയ്യും. ഇതുവച്ചുകൊണ്ട് ഇന്നത്തെ രീതിയിൽ സ്പോർട്സ് മത്സരങ്ങൾ നടക്കുമ്പോൾ പൂർണ്ണ സംരക്ഷണം കിട്ടണമെന്ന രീതിയിലുള്ള നിബന്ധന നിഷ്കർഷിച്ചു വരുന്നു. പിന്നീടുവരുന്ന മന്ത്രിമാരുടെ യോഗത്തിലും ഇക്കാര്യം ഞാൻ ഉന്നയിക്കുകയും അവർ ഗൗരവപൂർവ്വം ഇത് കൈകാര്യം ചെയ്യുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന കുട്ടികൾക്കും വിജയികളാകുന്ന കുട്ടികൾക്കും. അവർ 10-ാം ക്ലാസ്സിൽ പഠിക്കുന്നവരാണെങ്കിൽ എസ്.എസ്.എൽ.സിക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്ന സമ്പ്രദായം ഇവിടെ നടപ്പിലുണ്ടല്ലോ. പക്ഷേ അധികൃതരുടെ അനാസ്ഥനിമിത്തം കേരളാ ടീമിലേക്ക് സെലക്ഷൻ കിട്ടിയിട്ടും ദേശീയ ഗെയിംസിൽ പങ്കെടുപ്പിക്കാതിരുന്നതുമൂലം 10-ാം ക്ളാസിൽ പഠിക്കുന്ന കുട്ടികൾക്ക് കഴിഞ്ഞവർഷം ഈ ആനുകൂല്യം നിഷേധിക്കപ്പെടുകയുണ്ടായി. ചാലക്കുടി സർക്കാർ ഹൈസ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിയുടെ ദുരനുഭവം ഇക്കാര്യത്തിൽ എനിക്ക് നേരിട്ടറിയാം. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഒരു പ്രയോജനവും കിട്ടിയില്ല. ഇതുപോലെ എത്ര കുട്ടികൾക്ക് ഇത്തരത്തിലുള്ള നിർഭാഗ്യകരമായ അനുഭവമുണ്ടാകുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഭാവിയിൽ ഈ വക കാര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ചാലക്കുടി ഹൈസ്കൂളിൽ ഉണ്ടായതുപോലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവിടെ ഒരു ചെറിയ വിവാദമുണ്ട്. സെലക്ഷൻ കിട്ടി, അവിടെ പങ്കെടുത്തില്ല. സെലക്ഷൻ കിട്ടുന്നവർക്ക് ആനുകൂല്യം കൊടുക്കാൻ കഴിയുമോ? പങ്കെടുക്കുന്നവർക്കുമാത്രമേ ഈ ആനുകൂല്യം കൊടുക്കാൻ കഴിയുകയുള്ളൂ. സെലക്ഷൻ കിട്ടിയിട്ടും നാഷണൽ ഗെയിംസിൽ പങ്കെടുക്കുന്നതിന് കൊണ്ടുപോകാതിരിക്കുന്നത് എന്തുകൊണ്ടാണെന്നത് പരിശോധിക്കേണ്ടതാണ്. ഈ വക കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നത് ഗവൺമെന്റോ സ്പോർട്സ് കൗൺസിലോ അല്ല. സ്പോർട്സ് സംഘടനകളാണ്. ആ സംഘടനകളുടെ ആഭ്യന്തരകാര്യങ്ങളിൽ കഴിയുന്നതും ഗവൺമെന്റ് ഇടപ്പെടാറില്ല. ഇടപെടുന്നത് സ്പോർട്സ് രംഗത്തിന് ഗുണകരമല്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്. എങ്കിലും അവർ ഈ കാര്യത്തിൽ മനഃപൂർവം എന്തെങ്കിലും അവഗണന കാണിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അത് രേഖാമൂലം എഴുതിത്തന്നാൽ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, എന്റെ ആദ്യത്തെ ചോദ്യം നാഷണൽ ഗെയിംസിനെപറ്റിയാണ്. ബഹുമാനപ്പെട്ട മന്ത്രി സംഘടനകൾക്കാണ് അതിന്റെ ഉത്തരവാദിത്വമെന്നുപറഞ്ഞു. ദേശീയ ഗെയിംസിൽ നീന്തൽ മത്സരത്തിൽ സ്വർണ്ണമെഡൽ വാരിക്കൂട്ടി വനിതാചാമ്പ്യനായ സ്ത്രീ സുരക്ഷിതമായ ഉദ്യോഗം കിട്ടുകയാണെങ്കിൽ കേരളത്തെ പ്രതിനിധാനം ചെയ്യാൻ തയ്യാറാണെന്ന് പരസ്യമായി പല പ്രാവശ്യം നമ്മെയൊക്കെ അറിയിച്ചിട്ടും കേരള സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, കായികതാരങ്ങൾക്ക് തൊഴിൽ കൊടുക്കുന്ന ഒരു പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. 1992 മുതൽ ആ പദ്ധതി അനുസരിച്ച് ജോലി കൊടുത്തുകൊണ്ടിരുന്നില്ല. എന്നാൽ കഴിഞ്ഞ 5 കൊല്ലക്കാലത്ത് 100 പേർക്ക് തൊഴിൽ കൊടുക്കാനുള്ള നടപടികളുണ്ടായി. അവസാനമായപ്പോൾ ഒരു വ്യക്തി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇക്കാര്യം കേസിൽ കിടക്കുന്നതുകൊണ്ട് തീരുമാനമെടുക്കാൻ കഴിയുന്നില്ല. 1992 മുതൽ 5 കൊല്ലക്കാലത്തെ വിടവ് നികത്താനാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. ആ പദ്ധതിക്കുള്ളിൽ വച്ചുകൊണ്ടാണ് തൊഴിൽ കൊടുക്കുന്നത്. ഒരു പ്രത്യേക തൊഴിൽ കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിച്ചിട്ടില്ല. നമ്മുടെ ഇന്നത്തെ രീതിയിൽ തൊഴിൽ കൊടുക്കാൻ സാധ്യമല്ല, അത് വേറെ വിധത്തിൽ പരിശോധിക്കേണ്ടതാണ്. ഇന്നത്തെ പദ്ധതിയിൽ അത് ഉൾപ്പെടുത്തിയിട്ടില്ല, അത് പരിശോധിക്കാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, സ്പോർട്സ് കൗൺസിലിന്റേയോ അത്ലറ്റിക്സ് അസോസിയേഷന്റേയോ കാര്യങ്ങളിൽ സാധാരണ നിലയിൽ ഗവൺമെന്റ് ഇടപെടാറില്ല എന്ന് ഇവിടെ മന്ത്രി വ്യക്തമാക്കി. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി സർക്കാർ സ്പോർട്സ് രംഗത്ത് ഫലപ്രദമായ ചില തീരുമാനങ്ങളെടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്തെ സ്പോർട്സ് രംഗം ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അത്ലറ്റിക്സ് അസോസിയേഷനും സ്പോർട്സ് കൗൺസിലും ഗവൺമെന്റ് ഇപ്പോഴെടുത്ത തീരുമാനമനുസരിച്ച് ഉണർന്നു പ്രവർത്തിക്കുവാൻ തയ്യാറാകുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഏതെങ്കിലും ഭാഗത്ത് വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ ഫലപ്രദമായി ഇടപെട്ട് ഗവൺമെന്റ് നയത്തിനനുസരിച്ച് അർഹതപ്പെട്ട ആളുകളെ മത്സരത്തിൽ പങ്കെടുപ്പിക്കുകയും അതിനകത്ത് എന്തെങ്കിലും അവിഹിതമായി ഇടപെടലുകളുണ്ടെങ്കിൽ തിരുത്തിക്കുകയും ചെയ്യാനുള്ള ഒരു സമീപനമെടുക്കുമോ? അതുപോലെതന്നെ ക്യാബിനറ്റ് അംഗീകരിച്ചനിലയിൽ ഇതുസംബന്ധിച്ച ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ തയ്യാറാകുമോ? സ്പീക്കർ കൂടി ഉറപ്പുതന്ന കാര്യമാണത്.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, സ്പോർട്സ് അസോസിയേഷന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നു ഞാൻ പറഞ്ഞു സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ചിടത്തോളം അതിലെ ഒരു ഭാരവാഹിയാണ് ഞാൻ: അതുകൊണ്ട് സ്പോർട്സ് കൗൺസിലിന്റെ നയപരമായ കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടാറുണ്ട്. ആ കാര്യത്തിൽ കേരളത്തിലെ സ്പോർട്സ് അസോസിയേഷനുകളും സ്പോർട്സ് കൗൺസിലുകളും സ്തുത്യർഹമായി പ്രവർത്തിക്കുന്നു എന്നുള്ളതിന് തെളിവാണ് 1984-ലെ നാഷണൽ ഗെയിംസിൽ 11-ാം സ്ഥാനമാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്ന കേരളത്തിന് 1987-ൽ ബംഗാളിൽ വന്നപ്പോൾ 11-ാം സ്ഥാനത്തു നിന്നും നാലാം സ്ഥാനത്തേക്ക് ഉയരാൻ കഴിഞ്ഞത്. അതുകഴിഞ്ഞ് ഇംഫാലിൽ എത്തിയപ്പോൾ, കഴിഞ്ഞ രണ്ടുകൊല്ലങ്ങളായി നടത്തിയ ശ്രമത്തിന്റെ ഫലമായി ഗോൾഡ് മെഡലിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തി. എന്നാൽ പോയിന്റിന്റെ കാര്യത്തിൽ ഞാൻ നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരു ടീമിന് പ്രവേശനം കൊടുക്കാത്തതുകൊണ്ട് ഒന്നാം സ്ഥാനം നമുക്ക് 5 പോയിന്റ് നഷ്ടപെട്ടു. 1984-ൽ 11-ാം സ്ഥാനമായിരുന്നത് 1987-ൽ നാലാം സ്ഥാനത്തും കഴിഞ്ഞവർഷം അത് ഒന്നാം സ്ഥാനത്തും എത്തിയെങ്കിൽ കേരളത്തിലെ സ്പോർട്സ് കൗൺസിലും അസോസിയേഷനും ഈ കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കുന്നു എന്നതിന് തെളിവാണല്ലോ. അതിൽക്കൂടുതൽ തെളിവുവേണമോ? മറ്റൊരുകാര്യം സ്പോർട്സ് ബില്ലാണ്, അത് ക്യാബിനറ്റ് തീരുമാനമാണ്. ഏതായാലും അത് തീരുമാനിക്കുന്നതിന് സമിതിയുണ്ടല്ലോ ആ സമിതി തീരുമാനിക്കും. അതിലപ്പുറം പറയേണ്ട കാര്യമില്ല.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സർ, തൃശൂരിലെ നീന്തൽക്കുള സമുച്ചയത്തിന്റെ പണി വർഷങ്ങളായി പൂർത്തിയാകാതെ കിടക്കുകയാണ്. പല അന്തർദേശീയ മൽസരങ്ങൾവരെ അരങ്ങേറിയിട്ടുള്ള ഒരു സ്ഥലമാണത്. ഗവൺമെന്റുമായിട്ടുള്ള സാങ്കേതികമായ ചില പ്രശ്നങ്ങളുടെ പേരിൽ ഗവൺമെന്റ് ഗ്യാരന്റി നൽകാത്തതുമൂലം ഈ പ്രശ്നം നീണ്ടുപോകുകയാണ്. അതുകൊണ്ട് അടിയന്തിരമായി അവിടത്തെ സ്പോർട്സ് കൗൺസിൽ ഭാരവാഹികളേയും ജനപ്രതിനിധികളേയും മറ്റ് ബന്ധപ്പെട്ടവരേയും വിളിച്ച് ചർച്ച ചെയ്ത് അതിന് പരിഹാരം കാണാൻ വേദിയൊരുക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : കൺസോർഷ്യവുമായി ബന്ധപ്പെട്ട് പണമുണ്ടാക്കി അവർതന്നെയാണ് പണി നടത്തിയത്. അതിലിപ്പോൾ തർക്കമുണ്ട്. കേരളാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ കാര്യത്തിൽ പരമാവധി ചെയ്തിട്ടുണ്ട്. അതേസമയം പണം കൊടുക്കാൻ കഴിയാത്ത ഒരവസ്ഥ വന്നു. ഞാൻ ഇതിനെ സംബന്ധിച്ച് സ്പോർട്സ് കൗൺസിൽ ചെയർമാനുമായി പലപ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. അവർ മറ്റൊരു പ്രതിനിധിയെ വിളിക്കുമോയെന്നറിഞ്ഞുകൂടാ. അവർ ഏത് സമയത്ത് ചർച്ചക്കുവന്നാലും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയാറാണ്.

<u>ശ്രീ. പി. രാജു</u> : സർ, നമ്മുടെ സംസ്ഥാനത്തു ഒരു സ്പോർട്സ് നയം നടപ്പിലാക്കിവരുന്നുവെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇതിനകത്ത് വാട്ടർ സ്പോർട്സിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നയമെന്താണെന്നറിയുവാൻ ആഗ്രഹമുണ്ട്. കായികരംഗത്ത് വളരെ സാധ്യതകളുള്ള, വാട്ടർ സ്പോർട്സ് രംഗത്ത് ഒട്ടേറെ സാധ്യതകളുള്ള ഒരു സംസ്ഥാനമാണ് കേരളാ. അത് നമുക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണോ? വാട്ടർ സ്പോർട്സ് കോംപ്ലക്സിനെ സംബന്ധിച്ച പ്രോജക്ടുകൾ തയാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുണ്ടെങ്കിൽ ഏതിനൊക്കെയാണ് അനുമതി ലഭിച്ചിട്ടുള്ളത്? അതോടൊപ്പം തന്നെ എറണാകുളം ജില്ലയിൽനിന്നും ജില്ലാ സ്പോർട്സ് കൗൺസിൽ തയാറാക്കി സമർപ്പിച്ചിട്ടുള്ള വാട്ടർ സ്പോർട്സ് കോംപ്ലക്സിന്റെ പ്രോജക്ടിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ? അതിനെ സംബന്ധിച്ച് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയുവാൻ ആഗ്രഹമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : വാട്ടർ സ്പോർട്സ് കോംപ്ലക്സുകൾ നമുക്ക് അധികമില്ല. ഈ അടുത്ത കാലത്ത് ഉദ്ഘാടനം ചെയ്ത ആലപ്പുഴയിലുള്ളത്, ഏഷ്യാഡിനും അതുപോലെ അന്താരാഷ്ട്ര മത്സരത്തിനും അതിന്റെ ഗൈഡ്ലൈനിന്റെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ള ഒന്നാണ്. അതിന്റെ ഒന്നാംഘട്ട പണി മത്രമേ പൂർത്തയായിട്ടുള്ളൂ. രണ്ടാം ഘട്ട പണി പൂർത്തിയാകേണ്ടതുണ്ട്. തിരുവനന്തപുരത്ത് വളരെ പഴയ ഒരു വാട്ടർസ്പോർട്സ് കോംപ്ലക്സ് ഉണ്ട്. തൃശൂരും ഒരു കോംപ്ലക്സ് ഉണ്ട്. കോഴിക്കോട് സ്പോർട്സ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള സ്ഥലം സ്പോർട്സ് കൗൺസിലിനു കൊടുത്തു. അവർ കേന്ദ്ര ഗവൺമെന്റിന് പ്രോജക്ട് കൊടുത്തു. കഴിഞ്ഞയാഴ്ച 60 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് കിട്ടിയിട്ടുണ്ട്. ഇത്തവണ തെക്കേഇന്ത്യയിൽ കോഴിക്കോടിനാണ് കിട്ടിയിരിക്കുന്നത്. ബാക്കി പണം അവർ ഉണ്ടാക്കണം അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് കൊടുക്കണം. എറണാകുളത്ത് വളരെക്കാലമായിട്ട് ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളുണ്ടാകാറുണ്ട്. അതുപോലെ ഇൻഡോർ സ്റ്റേഡിയം പോലുള്ള കാര്യങ്ങൾക്ക് കുറേ ചർച്ചകൾ ആവശ്യമാണ്. ഏതായാലും അതിനെ സംബന്ധിച്ച് പരിശോധിക്കാം. സ്പോർട്സ് കൗൺസിലിനാവശ്യമായ പ്രോജക്ടുമായി മുന്നോട്ടു വന്നാൽ അത് അയച്ചുകൊടുക്കാനും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്ന മുറക്ക് സംസ്ഥാന ഗവൺമെന്റ് ആ കാര്യത്തിൽ പങ്കാളിത്തമുറപ്പുവരുത്താനും തയ്യാറാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കുന്ന ഒട്ടേറെ കാര്യങ്ങളെപ്പറ്റി മന്ത്രി ഇവിടെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് അന്താരാഷ്ട്ര കായികമൽസരങ്ങളുണ്ട്. ഉദാഹരണമായി പഞ്ചഗുസ്തിയിൽ കേരളത്തിൽനിന്നുള്ള കായിക താരങ്ങൾ അഭിമാനകരമായ വിജയം കൈവരിച്ചാണ് അന്താരാഷ്ട്ര മത്സരങ്ങളിൽ പോകാൻ തെരഞ്ഞെടുക്കപ്പെട്ടത്. അവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായധനം കൊടുക്കാൻ ഗവൺമെന്റ് തയാറാകുമോ? അതിനുള്ള അപേക്ഷ ഗവൺമെന്റിൽ കിട്ടിയിരുന്നോ? ആ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ലിസ്റ്റിലുള്ള സംഘടനകൾക്കുമാത്രമേ ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കാറുള്ളൂ. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ, മിനിമം ഇത്ര സ്ഥലങ്ങളിൽ ഈ സംവിധാനമുണ്ടായിരിക്കണമെന്നുള്ള ഗൈഡ്ലൈൻ വച്ചുകൊണ്ടാണ് ഓരോ ഇനത്തിനും ഗവൺമെന്റ് അംഗീകാരം കൊടുക്കുന്നത്. ഇനിയും അംഗികാരം കൊടുക്കാൻ കഴിയാത്ത ഇനങ്ങൾ ഉണ്ട്. പഞ്ചഗുസ്തിയെ സംബന്ധിച്ച് ഈ അടുത്ത കാലത്ത് പ്രത്യേകം താല്പര്യം ഉയർന്നുവന്നിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിലുള്ള മൽസരം ഇരിഞ്ഞാലക്കുടയിൽ നടക്കുകയുണ്ടായി. ഗൈഡ്ലൈനിനുള്ളിൽ നിന്നുകൊണ്ട് കായിക ഇനത്തിന്റെ പരിധിയിലുൾപ്പെടുത്താനുള്ള യോഗ്യത അവർ നേടിയാൽ ആവശ്യമായ സൗകര്യങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി.കെ. കുമാരൻ : സർ, നമ്മുടെ സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ വളരെ മുമ്പ് സ്പോർട്സ് ഹോസ്റ്റലുകൾ ഉണ്ടായിരുന്നു. എന്നാൽ അടുത്ത കാലത്തായി അത്തരം സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം ക്രമേണ നിലച്ചു വരികയാണ്. സ്പോർട്സ് ഹോസ്റ്റലുകൾ പുനഃസ്ഥാപിച്ച് കായികരംഗത്ത് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം സംഘടിപ്പിക്കാൻ ഗവൺമെന്റ് തയാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : സ്പോർട്സ് ഹോസ്റ്റലുകൾ ശക്തിപ്പെടുത്തുകയെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ നയം. അതിന്റെ ഭാഗമായി ചിലത് ചെയ്തു കൊണ്ടിരിക്കുകയാണ്. അതിനു പുറമേ ജില്ലാടിസ്ഥാനത്തിൽ സ്പോർട്സ് കൗൺസിലുകളുണ്ടാക്കണം. ഇക്കാര്യം പരിശോധിച്ചു വരുന്നു. 'സായി'യുടെ കീഴിൽ തന്നെ കേരളത്തിൽ അഞ്ചോളം സ്പോർട്സ് ഹോസ്റ്റലുകളുണ്ട്. എല്ലാ സ്പോർട്സ് ഹോസ്റ്റലുകളിലും കഴിയുന്നത്ര പ്രഗത്ഭരായ കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ താമസസൗകര്യവും, ഭക്ഷണവും, കോച്ചിംഗും കൊടുക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. മറ്റ് സ്റ്റേറ്റുകളിൽ പോകുന്ന ബഹുഭൂരിപക്ഷം മെഡൽ ജേതാക്കളും മലയാളികളാണ്. അവരുടെ പഠിത്തമൊക്കെ ഇവിടെ നടക്കുകയാണ്. അൻപത് ശതമാനത്തിലധികം ഗോൾഡ് മെഡൽ നേടിയിരിക്കുന്നത് നമ്മുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ശ്രീ. ജോണി നെല്ലൂർ ചോദിച്ച ചോദ്യത്തിന് അങ്ങ് പറഞ്ഞത് ഇതിനാവശ്യമായിട്ടുള്ള മറ്റുതരത്തിലുള്ള അംഗീകാരം കിട്ടിയിട്ടില്ല എന്നാണ്. നമുക്കറിയാം കേരളത്തിൽ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച പഞ്ചഗുസ്തി മത്സരം എല്ലാ ഗ്രാമങ്ങളിലും നടക്കുന്നുണ്ട്. സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഈ വരുന്ന മാസം കോഴിക്കോടുവച്ചു മത്സരം നടക്കുകയാണ്. ഇത്രയേറെ പ്രസിദ്ധിയാർജ്ജിച്ചിട്ടില്ലാത്തതും, ഇത്രയധികം ആളുകൾ പങ്കെടുക്കാത്തതുമായ ജൂഡോയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം കൊടുത്തുകഴിഞ്ഞു. അവരുടെ പരാതി പഞ്ചഗുസ്തി മത്സരത്തിൽ പങ്കെടുക്കുന്നവരോട് ഏതോ തരത്തിലുള്ള വിവേചനം കാണിക്കുന്നു എന്നുള്ളതാണ്. രാഷ്ട്രീയമായിട്ടുള്ള ഒരു സമീപനം ഇതിൽ എടുക്കുന്നു എന്നുള്ളതാണ് അവരുടെ പരാതി. വാസ്തവത്തിൽ ഇതിന് മുമ്പുതന്നെ സ്പോർട്സ് കൗൺസിൽ ഇതിന് അംഗീകാരം കൊടുക്കേണ്ടതായിരുന്നു, എന്തുകൊണ്ടാണ് ഇതിന് അംഗീകാരം നീട്ടിക്കൊണ്ടുപോകുന്നത്?

ശ്രീ. എ.സി. ഷൺമുഖദാസ് : സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാർ മാറിമാറിവന്നിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരും ഉണ്ടായിട്ടുണ്ട്, അതുകൊണ്ട് രാഷ്ട്രീയ വിവേചനമാണെങ്കിൽ കഴിഞ്ഞ തവണയും അതിനു മുമ്പും അംഗീകാരം കൊടുക്കേണ്ടതായിരുന്നു. കളിയെ സംബന്ധിച്ചിടത്തോളം കളിയും രാഷ്ട്രീയവും തമ്മിൽ യാതൊരു ബന്ധവുമില്ല. ദേശീയാടിസ്ഥാനത്തിൽ അത്ലറ്റിക്സ് അസോസിയേഷൻ മുതലായവയൊക്കെയുണ്ട്. ആ ഗൈഡ് ലൈനിനുള്ളിൽനിന്ന് വന്നാലേ പറ്റുകയുള്ളൂ. ഏതായാലും പഞ്ചഗുസ്തിയിൽ മാത്രം ഒതുങ്ങിയാൽ പോരാ, അതിന്റെ സംഘടനാ പ്രവർത്തനങ്ങളിലും ഒതുങ്ങണം. നിയമപരമായി പാലിക്കപ്പെടുന്ന എല്ലാ നടപടിക്രമങ്ങളും പൂർത്തിയാകണം. ബഹുമാനപ്പെട്ട മെമ്പർ രാഷ്ട്രീയ വിവേചനം കാണിക്കുന്നുവെന്നൊക്കെ പറഞ്ഞു. കായികരംഗമെന്ന് പറയുന്നത് രാഷ്ട്രീയത്തിനതീതമാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇവിടെ മെമ്പർമാരായ ശ്രീ. ജോണി നെല്ലൂരും, ശ്രീ. കെ.പി. വിശ്വനാഥനും ഉന്നയിച്ച അതേ ചോദ്യം തന്നെയാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിലെ കായിക മത്സരങ്ങളുടെ പട്ടികയിൽ പഞ്ചഗുസ്തിയെക്കൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : കായിക ഇനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ പാലിക്കാൻ ബഹുമാനപ്പെട്ട

എം.എൽ.എ. മാർ കൂടി ശ്രമിച്ച് അത് പൂർത്തീകരിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാം.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി ആലപ്പുഴയിലെ സ്വിമ്മിംഗ് പൂളിന്റെ കാര്യം പറഞ്ഞു. ഇലക്ട്രിസിറ്റി ചാർജ് അടയ്ക്കാത്തതു കൊണ്ട് ഈ സ്വിമ്മിംഗ് പൂൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണെന്നുള്ള വസ്തുത മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെ തന്നെ വള്ളംകളി സ്പോർട്ട്സ് ഐറ്റമായി കണക്കാക്കിയിട്ടില്ല. ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന വള്ളംകളി സ്പോർട്സ് ഐറ്റമായി അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻകൈയെടുത്ത് വള്ളംകളി സ്പോർട്സ് ഐറ്റമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സ്പോർട്സ് ഇനങ്ങൾക്ക് ഒരു ഗൈഡ് ലൈൻ ഉണ്ടെന്ന് ഞാൻ നേരത്തേ തന്നെ ചൂണ്ടിക്കാണിച്ചു. ആ ഗൈഡ് ലൈനിൽ ഈ ഐറ്റം കൂടി ഉൾപ്പെടുത്താനുള്ള ബാദ്ധ്യത സംഘടനയുമായി ബന്ധപ്പെടുത്തി ഉണ്ട്. ആ ബാധ്യത സംഘടന നിറവേറ്റിയാൽ ഗവൺമെന്റ് മുൻകൈയെടുത്ത് ഇക്കാര്യത്തിൽ സഹായം നൽകുന്നതാണ്.

ശ്രീ. ജോസ് ബേബി : സർ, നമ്മുടെ സംസ്ഥാനത്തെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന പല കായികതാരങ്ങളുടേയും മനസ്സിലെ സ്വപ്നമെന്നുപറയുന്നത് സർക്കാർ സർവ്വീസിൽ ഒരു ജോലിയാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പല മത്സരങ്ങളിലും സമ്മാനം നേടിയ ആളുകൾക്ക് ജോലി ലഭിക്കുന്നില്ലയെന്ന് പലർക്കും പരാതിയുണ്ട്. അത് പരിഹരിക്കാൻ ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ സമ്മാനം നേടിയവർക്ക് ഗവൺമെന്റ് സർവീസിൽ ജോലി കൊടുക്കാൻ ഗവൺമെന്റുതന്നെ മുൻകൈയെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : വിവിധ ചർച്ചകളുടെ ഫലമായി ഒരു വർഷത്തിൽ 20 പേർക്കു ജോലി കൊടുക്കാനുള്ള തീരുമാനം നേരത്തേ എടുത്തിട്ടുണ്ട്. ഇത് കൈകാര്യം ചെയ്യുന്നത് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള റിസർവേഷൻ കാര്യങ്ങളെല്ലാംകൂടി ബന്ധിപ്പിച്ചുകൊണ്ടുവേണം സർവീസിൽ ജോലി കൊടുക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കാൻ. 1992 മുതൽ അവർക്ക് അർഹതപ്പെട്ടതുപോലും ലഭിച്ചിട്ടില്ല. നടപടി വന്നപ്പോൾ അവർ തമ്മിലുള്ള കേസു കൊണ്ട് കോടതിയിലും തീരുമാനമെടുക്കാൻ കഴിയുന്നില്ല. കോടതിയിൽവേഗം കേസിന്റെ തീരുമനമെടുക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. തീരുമാനം ആകുന്ന മുറയ്ക്ക് അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ആലപ്പുഴയിലെ സ്വിമ്മിംഗ്പൂൾ സംസ്ഥാന കൗൺസിലിൽ അംഗമായിരുന്നപ്പോൾ ഞങ്ങൾ നിർമ്മിച്ചതാണ്. കുട്ടനാട്ടുകാരാണ് എപ്പോഴും നീന്തലിൽ സംസ്ഥാനത്തിന് ബഹുമതി നേടിതരുന്നത്. അവിടെ കുറേ കുടിശ്ശിക വന്നതുകൊണ്ട് 10 ദിവസമായി കറണ്ട് വിച്ഛേദിച്ചിരിക്കുകയാണ്. ഇതിനോടുള്ള കേരള സ്പോർട്സ് കൗൺസിലിന്റെ അവഗണന അവസാനിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : കേരള സ്പോർട്സ് കൗൺസിൽ അവഗണിച്ചു എന്നുണ്ടെങ്കിൽ അവരുമായി ചർച്ച നടത്തി തിരുത്താം. ജില്ലാ കൗൺസിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അങ്ങയെപ്പോലുള്ള ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്താൻ 10 ദിവസം നീണ്ടുപോയി എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കുക. അതിനുശേഷം തീരുമാനം എടുക്കാൻ ശ്രമിക്കുന്നതാണ്.

3 (*153) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. രാജു എബ്രഹാം :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഡോക്ടർമാരുടെ അഭാവംമൂലം രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഡോക്ടർമാർ ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) രോഗികളെ കിടത്തി ചികിൽസിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡി.എം.ഒ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥന്മാർ കൂടെക്കൂടെ മിന്നൽ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) സംസ്ഥാനത്ത് നടത്തിയ അധികാര വികേന്ദ്രീകരണ നടപടികളുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടേയും താലൂക്കാശുപത്രികളുടേയും നടത്തിപ്പും നിയന്ത്രണവും ബന്ധപ്പെട്ട ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ ആരോഗ്യ മേഖലയ്ക്ക് മെച്ചപ്പെട്ട പരിഗണന നൽകിവരികയും പദ്ധതി വിഹിതത്തിന്റെ നല്ലൊരു ശതമാനം ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരസ്പരം സഹകരിച്ച് പദ്ധതി രേഖകൾ തയാറാക്കി വികസന പ്രക്രിയകൾ സമയബന്ധിതമായി നടത്തിവരുന്നുണ്ട്. കൂടാതെ എം.പി.ഫണ്ടിൽനിന്നും മറ്റും ആശുപത്രികളുടെ വികസനത്തിനായി തുക ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly